കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — എറണാകുളം ജില്ല, കുവപ്പടി ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ. കെ.എ. സുനിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ — നിരസിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1588/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 11.06.2018

==========

പരാമർശം: 1. സ.ഉ (സാധാ) നം 3251/16/തസ്വഭവ തീയതി 30.11.2016

2. ശ്രീ. സുനിൽ കെ.എൻ. സമർപ്പിച്ച 01.06.2017-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടുടെ 22.08.2017-ലെ ഡി2-29635/16 നമ്പർ കത്ത്

4. ശ്രീ. സുനിൽ കെ.എൻ. സമർപ്പിച്ച 16.10.2017-ലെ അപ്പീൽ അപേക്ഷ

ഉത്തരവ്

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് ശ്രീ. കെ.എ. സുനിലിനെതിരെ ആരംഭിച്ച അച്ചടക്കനടപടി പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. സുനിൽ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം നിരസിച്ചിരുന്നു. തുടർന്ന് ശ്രീ. സുനിൽ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പാർക്കിൻസൺസ് രോഗബാധിതയായ മാതാവിന്റെ ചികിത്സകൾക്കായി ഏകമകനായ ശ്രീ.സുനിലിന് മുഴുകേണ്ടി വന്ന സാഹചര്യത്തിലാണ് അപ്പീൽ യഥാസമയം സമർപ്പിക്കാൻ കഴിയാത്തതെന്ന് ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.11.2016-ൽ തീർപ്പാക്കിയ അപേക്ഷയ്ക്ക് റിവ്യൂ സമർപ്പിയ്ക്കാൻ ഒരു മാസത്തെ കാലാവധിയാണുള്ളത്. എന്നാൽ മാതാവിന്റെ പാർക്കിൻസൺസ് രോഗത്തിനുള്ള ചികിത്സ കാരണമാണ് അപ്പീൽ അപേക്ഷ സമർപ്പിക്കുവാൻ ഇത്രയും വൈകിയത് എന്നുള്ളത് മതിയായിട്ടുള്ള കാരണമായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീ. കെ.എം. സുനിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പുന:പരിശോധിക്കേണ്ടതില്ലായെന്നുകണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കെ.എം. സുനിൽ, മുൻ യു.ഡി. ക്ലാർക്ക്, കുവപ്പടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/86/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ